**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **06-10-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി മെഡിക്കൽ സേവനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ് ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി **സമർപ്പിച്ച** അന്തിമ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടില്ല. നടപടികൾ പൂർത്തീകരിച്ച് ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുത്ത ശേഷമാണ് കരാർ പ്രാബല്യത്തിൽ വരുന്നത്. |

സെക്ഷൻ ഓഫീസർ